'ജലം ജീവാമൃതം'

**അടിയന്തിരം**

Website:http://www.kwa.kerala.gov.in

Fax: 91-0471-2324903

Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,

വാട്ടർ അതോറിറ്റി ക്യാംപസ്

വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യു എ/HO/RMC/R1/1054/2020 തീയതി: 15.08.2021

പ്രേഷകൻ

അക്കൗണ്ട്സ് മെമ്പർ

സ്വീകർത്താവ്

ചീഫ് എൻജിനീയർ

ദക്ഷിണ മേഖല

തിരുവനന്തപുരം

സർ,

വിഷയം:- കേരള വാട്ടർ അതോറിറ്റി- സ്പെഷ്യൽ /കാഷ്വൽ കണക്ഷനിലെ കുടിശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ച്

സൂചന:- 28/01/2021 ബോർഡ് മീറ്റിങ്ങിലെ തീരുമാനം നമ്പർ.11104

2) 30/01/2021 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ

സൂചനകളിലേയ്ക്കു താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 27/01/2021 നു കൂടിയ ബോർഡ് യോഗത്തിൽ ACS ഇതുമായി ഇത്തരം കണക്ഷനുകളിൽ ഒരു കാരണവശാലും കുടിശ്ശിക വരാൻ പാടില്ലാത്തതാണെന്നും 28/02/2021 മുൻപ് പരിശോധിച്ചു കുടിശ്ശിക പൂർണമായും ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.സൂചന 2 പ്രകാരം സ്പെഷ്യൽ/കാഷ്വൽ കണക്ഷനിലെ കുടിശിക സമയ ബന്ധിതമായി തന്നെ പിരിച്ചെടുക്കണമെന്നു അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോഴും അധികരിച്ച് കാണുന്ന കുടിശ്ശിക തുക പിരിച്ചെടുക്കാതതിൽ ചില ഡിവിഷനുകൾ കാണിക്കുന്ന കടുത്ത അനാസ്ഥയിൽ തുടർന്നുള്ള മീറ്റിങ്ങുകളിൽ ബോർഡ് കടുത്തഅതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. സംസ്ഥാനത്ത് ആകെ സ്പെഷ്യൽ/കാഷ്വൽ കുടിശിക പരിശോധിക്കുമ്പോൾ 15.50 കോടി രൂപയാണ് 31.07.2021 വരെ പിരിഞ്ഞുകിട്ടാനുള്ളത്.

എന്നാൽ താങ്കളുടെ കീഴിലുള്ള ദക്ഷിണ മേഖലയിൽ നിന്ന് മാത്രം പിരിച്ചെടുക്കാനുള്ള തുക **14.80** കോടി രൂപയാണ്. അതായത് ആകെ കിട്ടാനുള്ള തുകയുടെ **95.48%** ൽ കൂടുത ൽ ഒരു മേഖലയിൽ നിന്ന് മാത്രം കുടിശ്ശിക വരുന്നു. ഇതിൽ ഏറ്റവും കൂടുതൽ കുടിശിക വരുത്തിയിട്ടുള്ളത് തിരുവന്തപുരം നോർത്ത് ഡിവിഷനിൽ നിന്നാണ് (8.61 കോടി രൂപ,

Draft #4 of File KWA/HO/RMC/R1/1054/2020 Approved by Accounts Member on 15-Aug-2021 08:58 PM - Page 1

ആകെയുള്ളതിൻ റെ 55.51% ഒരു ഡിവിഷനിൽ!). 01/2021 ലെ DCB പ്രകാരം തിരുവനന്തപുരം സർക്കിളിന്റെ പരിധിയിൽ 11.64 കോടി രൂപ കുടിശിക ഉണ്ടായിരുന്നത് 07/2021 ആയപ്പോൾ 13.43 കോടി രൂപയായി വർധിക്കുകയാണുണ്ടായത്. അതായത് സ്പെഷ്യൽ/കാഷ്വൽ കുടിശിക കുറഞ്ഞില്ല എന്നുമാത്രമല്ല ക്രമാതീതമായി കൂടുകയാണുണ്ടായത്. കഴിഞ്ഞ 6 മാസക്കാലമായി ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ലായെന്നത് തികച്ചും ഖേദകരം തന്നെയാണ്.

ഇ അബാക്കസിൽ തെറ്റായി രേഖപെടുത്തിയെന്നു ഉത്തമ ബോധ്യമുള്ള കണക്ഷനുകൾ ഇന്റേർണൽ അദാലത്തിൽ ഉൾപ്പെടുത്തി ഏഴു ദിവസത്തിനകം ഒഴിവാക്കി ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കണമെന്ന് സൂചന 2 പ്രകാരം ആവിശ്യപെട്ടിട്ടുള്ളതായിരുന്നു എന്നാൽ നാളിതുവരെ അത്തരം ഒരു വിവരം ഈ കാര്യാലയത്തിൽ അറിയിച്ചിട്ടില്ല എന്ന വിവരം ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു .

നിലവിൽ ഇന്റേർണൽ അദാലത്തിന് തീർപ്പു കല്പിക്കുവാനുള്ള തീയതി 31/08/2021 വരെ ദീർഘിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ, സ്പെഷ്യൽ/കാഷ്വൽ കണക്ഷനുകളിലെ കുടിശിക തുക കുറക്കുവാനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതിൽ വീഴ്ച വരുത്തുന്നവരുടെ പേരുവിവരം ബോർഡിലേക്ക് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
V. Ramasubramani .
അക്കൗണ്ട്സ് മെമ്പർ

പകർപ്പ്

1) സൂപ്രണ്ടിങ് എൻജിനീയർ
തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട,കോട്ടയം
2) എക്സിക്യൂട്ടീവ് എൻജിനീയർ
തിരുവനന്തപുരം(നോർത്ത് ,സൗത്ത് ),
അരുവിക്കര,നെയ്യാറ്റിൻകര,ആറ്റിങ്ങൽ,കൊല്ലം,കൊട്ടാരക്കര,തിരുവല്ല,പത്തനംതിട്ട,കോട്ടയം,കടുത്തുരുത്തി

Draft #4 of File KWA/HO/RMC/R1/1054/2020 Approved by Accounts Member on 15-Aug-2021 08:58 PM - Page 2

The document is digitally approved. Hence signature is not needed.